**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1870** **09-12-2022 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ സ്മാർട്ട് കൃഷിഭവൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ആലത്തൂർ പഞ്ചായത്തിലെ കൃഷിഭവൻ സ്മാർട്ട് കൃഷിഭവനാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കെ.എൽ.ഡി.സി മുഖാന്തിരം നടപ്പിലാക്കുന്ന നബാർഡിന്റെ സാമ്പത്തിക സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ് പദ്ധതിയുടെ ട്രാഞ്ചെ XXVII-ൽ ഉൾപ്പെടുത്തി ആലത്തൂർ കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്നതും ആലത്തൂർ സീഡ് ഫാമിന്റെ ഉടമസ്ഥതയിലുമുള്ള സ്ഥലത്ത് നിന്നും ആലത്തൂർ സ്മാർട്ട് കൃഷിഭവൻ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം അനുവദിക്കണമെന്ന അപേക്ഷ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ആലത്തൂർ സ്മാർട്ട് കൃഷിഭവന് മേൽ സൂചിപ്പിച്ച സ്ഥലം ലഭ്യമാക്കാൻ എടുത്ത നടപടി വിശദമാക്കാമോ? | (സി) | സ്മാർട്ട് കൃഷിഭവൻ നിർമ്മിക്കുന്നതിനുള്ള പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വിശദമായ രേഖകൾ നൽകുന്നതിന് ആലത്തൂർ വില്ലേജ് ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആലത്തൂർ സീഡ് ഫാം പാലക്കാട് ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലായതിനാൽ സ്മാർട്ട് കൃഷിഭവൻ നിർമ്മിക്കുന്നതിന് 5 സെന്റ് സ്ഥലമെങ്കിലും വിട്ടു നൽകുന്നതിന് പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ നൽകിയിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ